കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# മതിലകം ഗ്രാമപഞ്ചായത്ത്

2015-2016

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ
e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം .കെ.എസ്.എ.ടി.എസ്.ആർ(പി3)1735/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

PIN 680 020 Ph. No. .0487 2331249.

e-mail . dotsr.ksad@kerala.gov.in

തിയതി:19.10.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മതിലകം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മതിലകം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മതിലകം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)സംസ്ഥാനഓഡിറ്റ് വകുപ്പ്ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.ടി.എസ്.ആർ(പി3)1735/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

PIN 680 020 Ph. No. .0487 2331249.

e-mail . dotsr.ksad@kerala.gov.in
തിയതി:19.10.2016

തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 17.9.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും 2015-16 ലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം

പിൻവലിക്കലുകളും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സി.വൈ.സലിം,ഡെപ്യൂട്ടിഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.09.20160മുതൽ 28.09.2016വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.പി.എ.ശിവൻ,<br>ശ്രീമതി.റസിയാബീവി. ജെ,<br>ഓഡിറ്റ് ഓഫീസർമാർ<br>ശ്രീ.സിനിലാൽ.എംജി<br>ശ്രീമതി.സുമിത.ടി.എസ്<br>അസി.ഓഡിറ്റ് ഓഫീസർമാർ<br>ശ്രീമതി.ബിന്ദു.സി.വി,ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | വിജയലക്ഷ്മി ബാലകൃഷ്ണൻ | 01.04.2015 മുതൽ<br>30.10.2015 വരെ* |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 31.1015 മുതൽ<br>18.11.15 വരെ |
| | ഇ.ജി.സുരേന്ദ്രൻ | 19.11.15 മുതൽ 31.03.16 വരെ |
| ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ | കുഞ്ഞാമൻ മാസ്റ്റർ | 01.04.2015മുതൽ 30.10.2015വരെ |
| | ബിന്ദു സന്തോഷ് | 19.11.15 മുതൽ 31.03.16 വരെ |
| ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ | ടി എസ്.ഗോപിനാഥൻ | 01.04.2015മുതൽ 30.10.2015 വരെ |
| | സുവർണ്ണ ജയശങ്കർ | 19.11.15 മുതൽ 31.03.16 വരെ |
| ആരോഗ്യ വിദ്യാഭ്യാസ | ഷീജ ബാബു | 01.04.2015മുതൽ 30.10.2015 വരെ |

| | | |
|---|---|---|
| സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ | അനി റോയ് | 19.11.15 മുതൽ 31.03.16 വരെ |
| വികസന സ്റ്റാൻ ഡിങ്ങ് കമ്മറ്റി ചെയർമാൻ | നവീന ചന്ദ്രൻ | 01.04.2014മുതൽ 30.10.2015 വരെ |
| | ഭരണ നിർവ്വഹണ സമിതി | 31.10.2015 മുതൽ 18.11.2015 വരെ |
| | വി.എസ്.രവീന്ദ്രൻ | 19.11.15 മുതൽ 31.03.16 വരെ |

സ.ഉ.(അച്ചടി)നം. 324/15/ത.സ്വ.ഭ.വ/20.10.2015 പ്രകാരമുള്ള ഉത്തരവ് പ്രകാരം

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | വി.എം.സഹീർ | 14.01.15മുതൽ<br>13.01.2016വരെ |
| | ശ്രീ. കെ.ഐ.അബ്ദുൾ ജലീൽ<br>അസി. സെക്രട്ടറി | 14.11.2016 മുതൽ<br>18.01.2016 വരെ |
| | പി.വി.ഷാബു | 19.1.2016മുതൽ<br>31.3.2016വരെ |
| അസി .സെക്രട്ടറി | മേരി ലീല .വി.എം | 01.04.2014മുതൽ<br>31.05.2015വരെ |
| | ദീപ.ഐ.<br>ജൂനിയർ സൂപ്രണ്ട് ചാർജ്ജ് | 01.06.2015 മുതൽ<br>04.06.2015 വരെ |
| | ടി.ആർ.പ്രസാദ് | 05.06.2015 മുതൽ<br>18.8.15FNവരെ |
| | കെ.ഐ.അബ്ദുൾ ജലീൽ | 18.08.15ANമുതൽ<br>31.03.2016വരെ |
| അസി.എൻജിനീയർ | സി.എസ്.പ്രകാശൻ | 01.04.2014മുതൽ<br>31.03.2016വരെ |
| വിഇഒ | ബിമൽ.പി.എസ് | 01.04.2015മുതൽ<br>31.03.2016വരെ |
| | ജയൻ.ടി.ആർ | 16.05.15മുതൽ<br>031.03.16 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.സിന്ധു.എ.എൽ | 01.04.2015മുതൽ<br>31.03.2016വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ പി എച്ച്സി | ഡോ.ഷാജി പി .എ | 01.04.2015 മുതൽ<br>310.3.2016<br>വരെ |
| കൃഷി ഓഫീസർ | ഷാജിത.പി.റഹ്മാൻ | 01.04..2015 മുതൽ<br>10.01.2016വരെ |
| | അനില മാത്യൂ(ഇൻചാർജ്ജ്) | 11.01.2016മുതൽ<br>31.03.2016വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ബിന്ദു.കെ.എസ് | 01.04.2015മുതൽ<br>31.03.2016<br>വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഫ്രാൻസീസ് ബാസ്റ്റിൻ | 01.04.2015മുതൽ<br>31.03.2016വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ഗോപകുമാർ.എ. | 01.04.2015മുതൽ<br>06.04.2015FNവരെ |
| | അൻഡിൻ.പി.എം | 06.04.2015ANമുതൽ<br>04.12.2015വരെ |
| | | 05.12.2015മുതൽ<br>310.3.2016വരെ |
| ഹെഡ്മിസ്ട്രസ് | നിമ്മിജോസ് | 01.04.2015മുതൽ<br>31.03.2016വരെ |

<u>ഉള്ളടക്കം</u>



| ക്രമനമ്പർ | ഭാഗം-1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |

| | | |
|---|---|---|
| 3 | വാർഷിക ധനകാര്യപത്രിക അപാകതകൾ | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | പെർമ്മിറ്റ് ഫീസ് ഈടാക്കിയത് കുറവ് | 2-1 |
| 13 | അനധികൃത നിർമ്മാണം തുടർ നടപടി സ്വീകരിച്ചിട്ടില്ല | 2-2 |
| 14 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-3 |
| 15 | ലൈസൻസ് ഫീ ഈടാക്കിയത് കുറവ് | 2-4 |
| 16 | ലൈവ് സ്റ്റോക്ക് ലൈസൻസ് ഇല്ല | 2-5 |
| 17 | വാടക അപാകത | 2-6 |
| 18 | ഡി.ആന്റ് ഒ ലൈസൻസ് അപാകതകൾ | 2-7 |
| 19 | ബൈലോ ഇല്ല | 2-8 |
| ഭാഗം-3 | | |
| 20 | സ്റ്റോക്ക് രജിസ്റ്റർ അപാകതകൾ | 3-1 |
| 21 | തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ | 3-2 |
| 22 | തെരുവ് വിളക്കുകൾ അപാകതകൾ | 3-3 |
| 23 | പെൻഷൻ അപാകതകൾ | 3-4 |

| | | |
|---|---|---|
| 24 | മുട്ടക്കോഴി വളർത്തൽ പദ്ധതി ലക്ഷ്യം നേടിയില്ല. മുഴുവൻ ഗുണഭോക്താക്കൾക്കും കോഴികളെ വിതരണം ചെയ്തിട്ടില്ല. | 3-5 |
| 25 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയത്-പ്രൊക്യൂർമെന്റ് മാന്വൽ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 3-6 |
| 26 | അതുല്യം പദ്ധതി - മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 3-7 |
| 27 | ക്ലബ്ബുകൾ, വായനശാലകൾ എന്നിവയ്ക്ക് ആനുകാലിക പ്രസിദ്ധീകരണങ്ങൾ- ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല. | 3-8 |
| 28 | ഹോമിയോ മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം | 3-9 |
| 29 | പാലിയേറ്റീവ് കെയർ - മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. | 3-10 |
| 30 | ഉപയോഗശൂന്യമായ ആയുർവേദ ഔഷധം മാറ്റി വാങ്ങുന്നതിന് നടപടി സ്വീകരിക്കണം. | 3-11 |
| 31 | നിശ്ചിത വിസ്തീർണ്ണത്തിലധികമായി വീട് നിർമ്മിച്ചത് | 3-12 |
| 32 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി | 3-13 |
| 33 | അംഗൻവാടി കെട്ടിടങ്ങൾക്ക് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഇല്ല | 3-14 |
| 34 | ഭവനപുനരുദ്ധാരണ പദ്ധതികൾ (എസ്.സി) ലക്ഷ്യം നേടിയില്ല | 3-15 |
| 35 | മഴക്കാല പൂർവ്വശുചീകരണം ചെലവുരേഖകൾഹാജരാക്കിയില്ല. | 3-16 |
| 36 | പവൃത്തിനടത്തിയതിന്റെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. | 3-17 |
| 37 | പട്ടികജാതിക്കാർക്ക് കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം അപാകതകൾ | 3-18 |
| 38 | കെട്ടിട നിർമ്മാണം വൈദ്യുതീകരണം ,പ്ലംബിംഗ് തുക വകയിരുത്തിയിട്ടില്ല. | 3-19 |
| 39 | പ്രവൃത്തി ചെയ്യാത്ത കരാറുകാരനെതിരെ യഥാസമയം നടപടി സ്വീകരിച്ചില്ല | 3-20 |
| 40 | തൊഴിലുറപ്പ് പദ്ധതി. | 3-21 |
| | ഭാഗം-4 | |
| 41 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 42 | ഡെപ്പോസിറ്റ് ഡൈപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 43 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 44 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 45 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 46 | ഓഡിറ്റ് റിക്കവറി | 4-6 |
| 47 | ഓഡിറ്റ് പ്രത്യവവലോകനം | 4-7 |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |
| | അനുബന്ധം | |
| 49 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 19.03.2015ലെ 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 04.03.2016 തിയ്യതിയിലെ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം ആകെ പ്രതീക്ഷിത വരവ് 90772546/- രൂപയും ആകെ ചെലവ് 89953545/-രൂപയും ആണ്.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.16 | 16.07.2016 |

### 1-3 വാർഷിക ധനകാര്യപത്രിക അപാകതകൾ

1.ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തിയിട്ടില്ല.

2015-16വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ്,ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്,റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്,ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 21462139.74 |
| വരവ് | 33603249 |
| ആകെ | 55065388.74 |

| | |
|---|---|
| ചെലവ് | 43321500 |
| നീക്കിയിരിപ്പ് | 11743888.74 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | കുറിപ്പുകൾ |
|---|---|---|---|---|---|---|
| വികസന ഫണ്ട് | 616801 | 7081598 | 7698399 | 6570787 | 1127612 | 31.03.16ന് സർക്കാറിലേക്ക് മുതൽ കൂട്ടി |
| എസ്.സി.പി | 4426195 | 0 | 4426195 | 1058483 | 3367712 | VPFA-IIയിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു |
| ധനകാര്യ കമ്മീഷൻ | 809642 | 1892763 | 2702405 | 1488519 | 1213886 | -ടി- |
| ലോകബാങ്ക് | 2869111 | 0 | 2869111 | 369111 | 2500000 | -ടി- |
| റോഡ് | 235753 | 0 | 232723 | 235753 | | -ടി- |
| നോൺ റോഡ് | 634818 | 0 | 634818 | 634818 | | -ടി- |

**II(a)** യിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് വന്ന തുകകൾ

SCP - 3367712

CFC - 1213886

KLGSDP - 2500000

------------

7081598

=====

CONSOLIDATED FUND

| ഫണ്ടിനം | | ചെലവ് | ചെലവഴിക്കാത്ത അലോട്ട്മെന്റ് |
|---|---|---|---|

| | | | |
|---|---|---|---|
| വികസി ഫണ്ട്(പൊതു വിഹിതം) | 8438354 | 775636 | 7662718 |
| വികസന ഫണ്ട്(എസ്.സി.പി) | 8511712 | 3211997 | 5299715 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2795318 | 1892850 | 902468 |
| ലോക ബാങ്ക് | 2500000 | 2211016 | 288984 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 4362000 | 3952274 | 409726 |
| സംരക്ഷണ ഗ്രാന്റ്(റോഡിതരം) | 2732000 | 2319834 | 412166 |

19.09.15ലെ G.O(P) 41/419/15Fin. നമ്പർ ഉത്തരവ് പ്രകാരം VPF-IIലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക പൂർണ്ണമായി ചെലവഴിച്ചതിന് ശേഷമേ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും തു ചെയവാക്കാവൂ. ഇപ്രകാരം ചെയ്യാതെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും നേരത്തെ തു ചെലവഴിച്ചത് ശരിയല്ല.

## 1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | പൂർണ്ണമായി നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 130 | 43409074 | 80 | 27796890 | 16 | 34 | 73.83 |

## 1-7തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 6547226 | 4220109 | (-)2327114 | (-)35.5 |
| നികുതിയേതര വരവുകൾ | 967842 | 771117 | (-)196728 | (-)20.3 |
| മറ്റു വരവുകൾ | 7856408 | 8151869 | (+)295461 | (+)3.76 |
| ആകെ | 15371476 | 13143095 | (-)2228381 | (-)14.4 |

## 1-8 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽ രഹിത വേതനം | 68400 | 73 |
| കർഷക തൊഴിലാളി പെൻഷൻ | 2137000 | 2651 |
| വിധവപെൻഷൻ | 10524720 | 1311 |
| വാർദ്ധക്യ കാലപെൻഷൻ | 6156480 | 7237 |
| വികലാംഗപെൻഷൻ | 2017200 | 2028 |
| 50 കഴിഞ്ഞ അവിവാഹിത സ്ത്രീകൾക്കുള്ളപെൻഷൻ | 571200 | 535 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 300000 | 10 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.7.2016ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽക്26943 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

1-10 ആഭ്യന്തരനിയന്ത്രണം.

രസീത് കളക്ഷൻ രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

വർക്കിങ്ങ് ഗ്രൂപ്പ് മിനിറ്റ്സ് പലതും പൂർണ്ണമല്ല.

വർക്കിങ്ങ് ഗ്രൂപ്പ് യോഗങ്ങളിൽ പദ്ധതി നിർദ്ദേശങ്ങൾ അല്ലാതെ അവലോകനം ഇല്ല.ദാരിദ്ര്യ ലഘൂകരണം,കൃഷി തുടങ്ങിയ വർക്കിങ്ങ് ഗ്രൂപ്പുകളുടെ മിനിറ്റ്സ് ക്ളോസ് ചെയ്യുന്നില്ല.

1-11മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 25.8.2016 | 7/2016 | ഇല്ല |
| അക്കൌണ്ടന്റ് ജനറൽ | 2009-10 | 2004-05 മുതൽ 2009-2010 | LBA/HQ/IW/8A1617&8B-650/81Dtd.9.7.2014 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

താഴെ പറയുന്ന ഫയലുകളിൽ പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് കാണുന്നു.വിശദാംശം താഴെ കൊടുക്കുന്നു.കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 136 പ്രകാരം കുറവ് വന്ന തുക ഈടാക്കേണ്ടതാണ്.

| ക്രമനമ്പർ | ഫയൽ നമ്പർ | വിസ്തീർണ്ണം | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|
| 1 | H-1983/15 | 161.85 | 335@3 | 485 | 150 |
| 2 | H-860/15 | 161.27 | 387@3 | 483 | 96 |
| 3 | H-2594/15 | 117.01 | 352@5 | 585 | 233 |
| | | | | ആകെ | 479 |

## 2-2 അനധികൃത കെട്ടിട നിർമ്മാണം നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല

ഫയൽ നമ്പർ എ4-917/16

സുബൈദ,പറക്കോട്ട് മതിലകം എന്ന വ്യക്തി പെർമ്മിറ്റ് വാങ്ങാതെ പണി തീർത്ത് താമസ ആവശ്യത്തിനുള്ള കെട്ടിടം റഗുലറൈസ് ചെയ്യുന്നതിന് അപേക്ഷ 15.2.16 ൽ നൽകുകയും പഞ്ചായത്ത് സാങ്കേതിക വിഭാഗം നടത്തിയ പരിശോധനയിൽ പ്രസ്തുത കെട്ടിടത്തിന് കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 27(5) ൽ പറയുന്ന സെറ്റ് ബാക്ക് ഇല്ലാത്തതിനാൽ പ്രസ്തുത കെട്ടിടത്തിന്റെ ന്യൂനത പരിഹരിക്കുവാൻ ആവശ്യപ്പെട്ട് കത്തയക്കുകയും ചെയ്തു. എന്നാൽ നാളിതുവരെ മേൽഫയലിൻമേൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 Wവകുപ്പ് പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1)താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2015-16 സാമ്പത്തിക വർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| സ്ഥാപനം | അർദ്ധവർഷങ്ങൾ |
|---|---|
| ബാങ്ക് ഓഫ് ബറോഡ | I & II |
| കൊടുങ്ങല്ലൂർ ടൗൺ കോപ്പറേറ്റീവ് ബാങ്ക് | I & II |
| തത്ത്വമസി ചിറ്റ്സ് | I & II |

സ്ഥാപന തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (കൊടുങ്ങല്ലൂർ ടൗൺ കോപ്പറേറ്റീവ് ബാങ്ക് 2015-16ലെ ഒന്ന്,രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി 27.09.16 ലെ 11614102426 രസീത് പ്രകാരം അടവാക്കി -ഓഡിറ്റ് എൻക്വയറി 4)

2)സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

| ഡി&ഒ ലൈസൻസ് നമ്പർ | സ്ഥാപനം | പ്രതിദിന വിറ്റുവരവ് | തൊഴിൽ നികുതി ഈടാക്കേണ്ടത് | തൊഴിൽ നികുതി ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | രൂപ | | | |
| 91 | പോപ്പുലർ ടിമ്പേഴ്സ് | 30000 | 2500 (1250+1250) | 1500 | 1000 |

കുറവ് വന്ന തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് യന്ത്രത്തിന്റെ കുതിരശക്തിക്ക് അനുസരിച്ച് ചുമത്താവുന്ന ഉയർന്ന ഫീ ഈടാക്കിയിട്ടില്ല.

| ഡി&ഒ ലൈസൻസ് നമ്പർ | സ്ഥാപനം/ഉടമ | യന്ത്രത്തിന്റെ കുതിരശക്തി | ചുമർത്താവുന്ന ഉയർന്ന ഫീ (പട്ടികIII) | ഈടാക്കിയ ഫീ | കുറവ് |
|---|---|---|---|---|---|
| 19/2015-16 | ഫ്ലോർമിൽ (ഉമ.പി.എം,തോപ്പിൽ) | 20 എച്ച്.പി. | 200 | 100 | 100 |
| 23/2015-16 | പെറ്റ് ബോട്ടിൽ നിർമ്മാണം (അബ്ദുറഹിമാൻകുട്ടി,പാമ്പിനേഴത്ത്) | 190.9 എച്ച്.പി. | 2000 | 1000 | 1000 |

ചുമത്താവുന്ന ഉയർന്ന ഫീ ഈടാക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്.

## 2-5 ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് ചട്ടങ്ങൾ പ്രകാരം ലൈസൻസ് എടുക്കാതെ പൗൾട്രി ഫാമുകൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ താഴെ പറയുന്ന പൗൾട്രി ഫാമുകൾ ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് ചട്ടങ്ങൾ 2012 പ്രകാരം ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു.

| ഡി.ഒ. ലൈസൻസ് ക്രമ നമ്പർ | ഉടമസ്ഥന്റെ പേര് |
|---|---|
| 27/2015-16 | നളിനി.പി.കെ,പള്ളിത്തറ |
| 220/2015-16 | സനൽകുമാർ.കെ.കെ,കുട്ടാല |
| 329/2015-16 | ഉമാവതി,കളത്തേരി |

കോഴികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ചട്ടത്തിൽ പറയുന്ന ഫീസ് ഈടാക്കി ചട്ടങ്ങളിലെ നിബന്ധനകൾക്ക് വിധേയമായി ലൈസൻസ് അനുവദിക്കാവുന്നതാണ്. ലൈസൻസ് നേടിയില്ലാത്ത പക്ഷം ഫാം നടത്തിക്കൊണ്ടു പോകുവാൻ പാടില്ലാത്തതാണ്.

## 2-6 വാടക-അക്കൗണ്ട്സും കളക്ഷൻ രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വാടകയിനത്തിൽ (2015-16) അക്കൗണ്ട്സും കളക്ഷൻ രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല . ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| വാടക | ഡിമാന്റ് |
|---|---|
| കളക്ഷൻ രജിസ്റ്റർ പ്രകാരം | 74862<br>(മുൻ വർഷ വാടകയുടെ അടിസ്ഥാനത്തിൽ ഡിമാന്റ് ചെയ്യേണ്ടിയിരുന്നത്) |
| അക്കൗണ്ട്സ് പ്രകാരം | 74640 |
| വ്യത്യാസം | 222 |

കൂടാതെ മാവേലി സ്റ്റോറിന് 2015-16 സാമ്പത്തിക വർഷത്തിൽ വാടക വർദ്ധന വരുത്താത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

## 2-7 ഡി&ഒ ലൈസൻസ്-അപാകതകൾ

1.സാനിറ്ററി സർട്ടിഫിക്കറ്റ് ഇല്ല

ലൈസൻസ് പുതുക്കാനുള്ള എല്ലാ അപേക്ഷകളിലും സാനിറ്ററി സർട്ടിഫിക്കറ്റ് ഇല്ല. ലൈസൻസ് പുതുക്കുന്നതിന് ലഭിക്കുന്ന എല്ലാ അപേക്ഷകളും ഹെൽത്ത് ഇൻസ്പെക്ടറുടെ പരിശോധനക്ക് നൽകേണ്ടതാണെന്ന 66562/ആർ സി 3/12/ത.സ്വ.ഭ.വ തി.10.01.13 സർക്കുലറിലെ വ്യവസ്ഥ പാലിക്കുന്നില്ല.

2.പൊതു അപാകതകൾ

1)ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല. ലൈസൻസ് രജിസ്റ്റർ പ്രകാരം 455 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റിൽ 446 സ്ഥാപനങ്ങളുടെ വിവരങ്ങളെ ഉൾപ്പെടുത്തിയിട്ടുള്ളൂ. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ഡി&ഒ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2)അപേക്ഷകൾ പൂർണ്ണമല്ല. അപൂർണ്ണമായ അപേക്ഷകൾ കാരണം ഫീ ചുമത്തിയതിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയുന്നില്ല. അപേക്ഷകളിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കേണ്ടതാണ്. ലൈസൻസ് പുതുക്കാനുള്ള അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ട്, സെക്രട്ടറിയുടെ ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. വിറ്റുവരവ് നിർബന്ധമായും ഓരോ സ്ഥാപനത്തിന്റെയും യഥാർത്ഥ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ എഴുതേണ്ടതും അതിനനുസരിച്ച് ലൈസൻസ് ഫീയും, തൊഴിൽ നികുതിയും ഈടാക്കേണ്ടതുമാണ്. ഫീസടച്ചതിന്റെ വിവരങ്ങൾ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്. ലൈസൻസ് പുതുക്കാനുള്ള അപേക്ഷകൾക്കൊപ്പം സാനിറ്ററി സർട്ടിഫിക്കറ്റ്, സ്ഥലനാമം-പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം, വാടക കരാർ തുടങ്ങിയ അനുബന്ധരേഖകൾ ഉണ്ടെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രം ലൈസൻസ് പുതുക്കേണ്ടതാണ്.

3)പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളുടെ അപേക്ഷയിൽ കാണിച്ചിരിക്കുന്ന വിറ്റുവരവ് യഥാർത്ഥ വിറ്റുവരവ് തന്നെയാണോ എന്ന് പരിശോധിക്കേണ്ടതാണ്.

| ഡി&ഒ ലൈസൻസ് നമ്പർ | സ്ഥാപനം | പ്രതിദിന വിറ്റുവരവ് |
|---|---|---|
| 136/2015-16 | സി.വി.മെറ്റൽസ്-കമ്പി സിമന്റ് വില്പന | 400 |
| 191/2015-16 | എസ്.എം.എസ്.ഗ്രാനൈറ്റ്സ് & ടൈൽസ് | 900 |

4)ലൈസൻസ് രജിസ്റ്റർ അപൂർണ്ണമാണ്. അപേക്ഷ ഫീ, മെഷിനറി ഫീ, ബിലേറ്റഡ് ഫീ തുടങ്ങിയവയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.കൂടാതെ ഫീസടച്ചതിന്റെ വിവരങ്ങൾ രേഖപ്പെടുത്താത്ത സ്ഥാപനങ്ങളും ലൈസൻസ് രജിസ്റ്ററിൽ കാണുന്നു.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-8 അംഗീകരിച്ച ബൈലോ ലഭ്യമല്ല

പഞ്ചായത്ത് ഡയറക്ടർ അംഗീകരിച്ച പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് വാടക ബൈലോ , പരസ്യ നികുതി ബൈലോ എന്നിവ ലഭ്യമല്ല. ബൈലോ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ജനറൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ

ഓഡിറ്റിൽ പരിശോധനക്കായി ഹാജരാക്കിയ ജനറൽ സ്റ്റോക്ക് രജിസ്റ്റർ അപൂർണ്ണമാണ്.ഉപകരണങ്ങൾ വാങ്ങിയ ബിൽ നമ്പർ, വൗച്ചർ നമ്പർ,തുക, എവിടെ നിന്ന് വാങ്ങി,ഫണ്ട് ഇനം,ആർക്ക് നൽകി,പ്രൊജക്ട് നമ്പർ,ഓരോ ഉപകരണങ്ങളുടേയും സ്പെസിഫിക്കേഷൻ,വാറന്റി/ഗ്യാരണ്ടി എന്നിവ കൃത്യമായി ടി രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല.എല്ലാ രേഖപ്പെടുത്തലുകളും സെക്രട്ടറി സാക്ഷ്യപ്പെടുത്തി കാണുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 3-2 തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങിയത് കരാർ വച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | -S0-125/16 |
| പ്രൊജക്ടിന്റെ പേര് | -തെരുവ് വിളക്കുകൾ വാങ്ങൽ |
| ബിൽ നമ്പർ,തീയതി | -24/19.3.16 |
| തുക | -140726 |
| ഇൻവോയ്സ് | -907/15.2.2016 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | -സെക്രട്ടറി |
| ഫണ്ട് | – വികസന ഫണ്ട്( ജനറൽ) |

14.7.14ലെ സ.ഉ.(സാധാ)നം.1807/2014 തസ്വഭവ പ്രകാരം തെരുവ് വിളക്ക് ഉപകരണങ്ങൾ ക്രൂസിൽ നിന്നും വാങ്ങുകയും ആയത് സ്റ്റോക്കിലെടുത്ത് കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്.ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1.ഉപകരണങ്ങൾ വാങ്ങുന്നതിന് മുമ്പ് ക്രൂസുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

2.ക്രൂസിൽ നിന്നും ലഭിച്ച തെരുവ് വിളക്ക് ഉപകരണങ്ങൾ ഏത് ബ്രാന്റാണെന്ന് ഇൻവോയ്സിൽ നിന്നും വ്യക്തമല്ല.ആയതിനാൽ ലഭ്യമായ ഉപകരണങ്ങൾ മാർക്കറ്റ് വിലയേക്കാൾകുറവ് നിരക്കിലാണ് ലഭിച്ചതെന്ന് ഉറപ്പ് വരുത്തുവാൻ കഴിഞ്ഞിട്ടില്ല.

ക്രൂസുമായി കരാറിൽ ഏർപ്പെടാതെ തുക നൽകി ഉപകരണങ്ങൾവാങ്ങിയത് സംബന്ധിച്ച് വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-3 സ്ട്രീറ്റ് ലൈറ്റ് കറന്റ് ചാർജ്ജ് അടയ്ക്കുന്നത് -രജിസ്റ്റർ സൂക്ഷിപ്പ് ,സ്ട്രീറ്റ് ലൈറ്റ് പരിപാലനം അപാകതകൾ

2015-2016 വർഷം സ്ട്രീറ്റ് ലൈറ്റ് കറന്റ് ചാർജ്ജിനത്തിൽ 10,12,092/- രൂപ അടച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി. യുമായി ചേർന്ന് സ്ട്രീറ്റ് ലൈറ്റുകളുടെ സംയുക്ത പരിശോധന ഇതുവരെ നടത്തിയിട്ടില്ല. മീറ്ററിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടില്ല. ആയതിനാൽ ഉപയോഗിക്കാത്തയിനം ലൈറ്റുകൾക്കും യഥാർത്ഥ എണ്ണത്തേക്കാളും കൂടുതൽ ലൈറ്റുകൾക്കും കറന്റ് ചാർജ്ജ് നൽകേണ്ടി വരുന്നു. മീറ്ററിംഗ് നടപ്പിലാക്കുന്നതിന്റെ പണികൾ പൂർത്തിയായി വരുന്നു. എന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി തന്നിട്ടുള്ളത്. (നമ്പർ.18/26.09.2016)

തെരുവു വിളക്കുകളെ സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വാർഡ് തിരിച്ച് തെരുവു വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച് വ്യക്തമായ കണക്ക് പഞ്ചായത്ത് സൂക്ഷിക്കുന്നില്ല.

ആവശ്യമായ വിവരങ്ങൾ ചേർത്ത് തെരുവുവിളക്കുകൾക്ക് പ്രത്യേകമായി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ എണ്ണം. ഇവയുടെ വിനിയോഗം സംബന്ധിച്ച കൃത്യത ഉറപ്പു വരുത്തേണ്ടതാണ്.

## 3-4 പെൻഷൻ അപാകതകൾ

1.തെരഞ്ഞെടുപ്പ് ചട്ടം നിലനിൽക്കെ ക്ഷേമപെൻഷന് ശുപാർശ ചെയ്തു.

2016 ലെ നിയമസഭാ തെരഞ്ഞെടുപ്പ് ചട്ടങ്ങൾ 4/4/16 ന് നിലവിൽ വന്നു. ഇതനുസരിച്ച് ക്ഷേമപദ്ധതികളിൽ തീരുമാനങ്ങളെടുക്കാൻ പാടില്ലാത്തതാണ്. എന്നാൽ 7/4/16ലെ 4 നമ്പർ തീരുമാനമനുസരിച്ച് 47 ഗുണഭോക്താക്കൾക്ക് വാർധക്യകാലപെൻഷൻ നല്കുവാൻ ശുപാർശ ചെയ്തിരുന്നു.പഞ്ചായത്ത് ഭരണസമിതിയുടെ 20/4/16 ലെ 7(4) നമ്പർ തീരുമാന പ്രകാരം ഈ ശുപാർശ അംഗീകരിച്ചിട്ടുണ്ട്.

മേൽപ്രകാരം ശുപാർശ നൽകിയതിന്റെയും ആയതിന് അംഗീകാരം നൽകിയതിന്റെയും കാരണം വ്യക്തമാക്കേണ്ടതാണ്. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

2.ഗുണഭോക്താക്കൾക്ക് ക്ഷേമപെൻഷൻഷൻ ലഭിച്ചില്ലെന്ന് പരാതി

14/5/15 ലെ2(1)നമ്പർ തീരുമാനത്തിൽ കുളിമുട്ടം പോസ്റ്റ് ഓഫീസിന്റെ പരിധിയിൽപ്പെടുന്ന ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ മുഴുവനായും ലഭിച്ചില്ല എന്നും ഇത് ഇത് സംബന്ധിച്ച് തിരിമറി നടത്തിയ ഉദ്യോഗസ്ഥനെതിരെ നടപടികൾ സ്വീകരിക്കാൻ പോസ്റ്റൽ അധികൃതരോട് അഭ്യർത്ഥിക്കുവാനും തീരുമാനിച്ചിരുന്നതുമാണ്. ഇതിൻമേലുള്ള തുടർനടപടികളും ഫയലും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയത് എത്രയും വേഗം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

3.സാമൂഹ്യസുരക്ഷാ പെൻഷൻ- അർഹതയുള്ള തിയതി മുതൽ ലഭ്യമാക്കിയിട്ടില്ല.

സാമൂഹ്യസുരക്ഷാ പെൻഷൻ അപേക്ഷകൾ പരിശോധിച്ചതിൽ അർഹതയുള്ള കാലാവധിമുതൽ അപേക്ഷകർക്ക് പെൻഷൻ അനുവദിച്ചതായി കാണുന്നില്ല. അതുപോലെ പെൻഷൻ അപേക്ഷകളിൽ എൻക്വയറി നടത്തി തീരുമാനം എടുക്കുന്നതിൽ വളരെ കാലതാമസം ഉള്ളതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| അപേക്ഷ നമ്പർ തിയ്യതി | വിലാസം | പെൻഷൻ ഇനം | അനുവദിച്ച തിയതി. | അനുവദിക്കേണ്ട തിയ്യതിയും, പരിശോധന കാലയളവും |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1921/15 /4.4.15 | മണിസുരേന്ദ്രൻ,അടിപറമ്പിൽ ചന്ദ്രൻമൂല,കളത്തിക്കാവ് | വിധവാ പെൻഷൻ | 01.10.15 | 04.04.15 40 ദിവസം |
| 2004/15 /13.4.15 | സുഹറമൊയ്തീൻകുട്ടി, പറമ്പത്ത് ,കുളിമുട്ടം | വിധവാപെൻഷൻ | 01.10.15 | 04.04.15 40 ദിവസം |
| 2118/15 /21.4.15 | ദാസൻ.എൻ.കെ, നെടുംപറമ്പിൽ, മതിലകം.പി.ഒ | കർഷകതൊഴിലാളി പെൻഷൻ | 01.11.15 | 01.05.15 45 ദിവസം |
| 2203/15 /25.4.15 | പ്രണവ്കൃഷ്ണ കുനിയാറ,കുളിമുട്ടം | വികലാംഗ പെൻഷൻ | 01.10.15 | 25.04.15 40 ദിവസം |
| 2154/15 /23.4.15 | ഉമ്മർകോയ നെടുംപറമ്പിൽ ആൽ-പ്രാണിയാട് കുളിമുട്ടം. | വാർദ്ധക്യകാല പെൻഷൻ | 01.01.16 | 23.04.15 40 ദിവസം |

## 3-5 മുട്ടക്കോഴി വളർത്തൽ പദ്ധതി ലക്ഷ്യം നേടിയില്ല. മുഴുവൻ ഗുണഭോക്താക്കൾക്കും കോഴികളെ വിതരണം ചെയ്തിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ മുട്ടയുൽപാദനം വർധിപ്പിക്കുന്നതിന് മൃഗസംരക്ഷണ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെകാണും പ്രകാരം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| 1 | മുട്ടക്കോഴി വളർത്തൽ ( ജനറൽ) S0. 20/16) | 150000 | 118000 | 78.6 |
| 2 | മുട്ടക്കോഴി വളർത്തൽ (എസ്.സി) S0. 21/16 | 50000 | 13500 | 27 |
| 3 | മുട്ടക്കോഴി വളർത്തൽ (എസ്.സി) S0.47/16(സ്പിൽ ഓവർ) | 39600 | 2000 | 5.05 |

എന്നാൽ സ്പിൽ ഓവർ ഉൾപ്പെടെ തൻവർഷത്തിൽ തയ്യാറാക്കിയ പദ്ധതികൾ പൂർണ്ണമായി ലക്ഷ്യം നേടിയതായി കാണുന്നില്ല. ആകെ 304 ഗുണഭോക്താക്കളിൽ നിന്നായി @324/- നിരക്കിൽ 98496/- രൂപ ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ നാളിതുവരെ 277 അപേക്ഷകൾ ലഭിച്ചതായും 267 ഗുണഭോക്താക്കൾക്ക് കോഴികളെ വിതരണം ചെയ്തതായും കാണുന്നു. മുട്ടക്കോഴികളുടെ യൂണിറ്റ് നിരക്ക് ജില്ലാ മൃഗസംരക്ഷണ ഓഫീസർ നിശ്ചയിച്ചതിന്റെ ഉത്തരവ്, മുട്ടക്കോഴികളെ വിതരണം ചെയ്ത എഗ്ഗർ ലെയർ നഴ്സറി പെരിഞ്ഞനവുമായി ഉണ്ടാക്കിയ കരാർ, മുട്ടക്കോഴികൾ വിതരണം ചെയ്യേണ്ട ജനറൽ, എസ്.സി. എന്നീ ഗുണഭോക്താക്കളുടെ ഇനം തിരിച്ചുള്ള എണ്ണം എന്നിവ ലഭ്യമാക്കിയിട്ടില്ല. തുക അടവാക്കിയ മുഴുവൻ ഗുണഭോക്താക്കൾക്കും കോഴികളെ വിതരണം ചെയ്തിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതിനും മുഴുവൻ ഗുണഭോക്താക്കൾക്കും സമയബന്ധിതമായി മുട്ടക്കോഴികളെ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയത്-പ്രൊക്യൂർമെന്റ് മാന്വൽ നിർദ്ദേശങ്ങൾ പാലിച്ചില്ല.

ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ് പാപ്പിനിവട്ടം നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16ൽ നടപ്പാക്കിയ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ S0. 108/16 പദ്ധതിയിലുൾപ്പെടുത്തി കമ്പ്യൂട്ടർ വാങ്ങിയതിന് 55889/- രൂപ ബി പ്ലസ് എന്ന സ്ഥാപനത്തിന് ഡി.ഡി നമ്പർ 711671 തിയ്യതി 21.03.2016 പ്രകാരം നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ) 1838/12 ത.സ്വ.ഭ.വ. 03.07.12 പ്രകാരം D.G.S.D. റേറ്റ് കോൺട്രാക്റ്റ് നിരക്കിലാണ് കമ്പ്യൂട്ടറുകൾ വാങ്ങേണ്ടിയിരുന്നതെങ്കിലും ടി നിർദ്ദേശം പാലിച്ചിട്ടില്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 അതുല്യം പദ്ധതി - മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

ഹെഡ് മിസ്ട്രസ്,ജി.എൽ.പി.എസ്, പാപ്പിനിവട്ടം നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ അതുല്യം പദ്ധതി (S0. 130/16)പഞ്ചായത്ത് പരിധിയിൽ എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുന്നു. ഈ പ്രോജക്ടിനായി 87,000/- രൂപ വകയിരുത്തിയിരുന്നു. ഇതിൽ 33723/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രാദേശിക പാഠാവലി തയ്യാറാക്കി പ്രാഥമിക വിദ്യാഭ്യാസം ലഭിക്കാത്ത എല്ലാവർക്കും നാലാം ക്ലാസ് തുല്യതാ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള ദേശീയ സാക്ഷരതാ മിഷന്റെ സഹായത്താൽ നടത്തുന്ന പദ്ധതിയാണ് അതുല്യം പദ്ധതി. പദ്ധതി നടത്തിപ്പിനായി സംഘാടക സമിതി രൂപീകരിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഇൻസ്ട്രക്ടർമാർ എന്നിവരെ തെരഞ്ഞെടുത്ത് ആവശ്യമായ ക്ലാസ്സുകൾ നല്കി പരീക്ഷയുൾപ്പെടെ നടത്തി സർട്ടിഫിക്കറ്റുകൾ നൽകി പദ്ധതി നടത്തുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ സംഘാടക സമിതി രൂപീകരിച്ചതായോ പദ്ധതി മോണിറ്ററിംഗ് നടത്തിയതായോ കാണുന്നില്ല . ഡോക്യുമെന്റേഷൻ നടത്തിയതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും, മോണിറ്ററിംഗ് റിപ്പോർട്ട്, ഡോക്യുമെന്റേഷൻ രേഖകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 3-8 ക്ലബ്ബുകൾ, വായനശാലകൾ എന്നിവയ്ക്ക് ആനുകാലിക പ്രസിദ്ധീകരണങ്ങൾ-ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല

ഹെഡ് മിസ്ട്രസ്, ജി.എൽ.പി.എസ്, പാപ്പിനിവട്ടം നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ S0- 111/16 പ്രോജക്ട് പ്രകാരം സ്വന്തമായി സ്ഥലമുള്ള ക്ലബ്ബുകൾ, വായനശാലകൾ എന്നിവയ്ക്ക് ആനുകാലികങ്ങൾ, ദിനപത്രം എന്നിവ വിതരണം ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ആയതു പ്രകാരം 8 വായനശാലകൾക്ക് ആകെ 65000/- രൂപ നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ വിവരം, ഗുണഭോക്താക്കളെ പഞ്ചായത്തു കമ്മിറ്റി അംഗീകരിച്ചതിന്റെ വിവരം , യഥാർത്ഥ ചെലവു രേഖകൾ, പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.ആയതു ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 ഹോമിയോ മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

മെഡിക്കൽ ഓഫീസർ (ആരോഗ്യം) 2015-16 വർഷത്തിൽ നടപ്പാക്കിയ ഹോമിയോ ആശുപത്രികൾക്കുള്ള മരുന്നു വാങ്ങൽ പദ്ധതിയിലുൾപ്പെടുത്തി (S0.85/16) മരുന്നുവാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ഡി.ഡി.നമ്പർ 352999 തിയ്യതി 04.04.16 പ്രകാരം 50000/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ മരുന്നുകൾ ലഭിച്ചതായി കാണുന്നില്ല. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 പാലിയേറ്റീവ് കെയർ - മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല.

മതിലകം ഗ്രാമപഞ്ചായത്ത് പരിധിയിൽ പാലീയേറ്റീവ് കെയർ ആവശ്യമായ 62 രോഗികൾ ഉള്ളതായി നോമിനൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പാലിയേറ്റീവ് കെയർ (നമ്പർ S0.83/16 ) പദ്ധതി പ്രകാരം മരുന്നുവാങ്ങുന്നതിന് ഡി.ഡി. നമ്പർ 353000 dt.4.4.16 പ്രകാരം 97700 രൂപ കെ.എം.എസ്.സി.എൽ.ന് നൽകിയിട്ടുണ്ട്. എന്നാൽ നൽകിയ തുകയിൽ നാളിതുവരെ 40856/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.ഇനിയും ലഭിക്കാനുള്ള 56844/-രൂപയുടെ മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 23.8.2012ലെ സ.ഉ.(എം.എസ്) 228/2012 ത.സ്വ.ഭ.വ. മാർഗ്ഗരേഖ, 29.10.2015ലെ സ.ഉ(സാ)നം. 3217/15 ത.സ്വ.ഭ.വ ഉത്തരവ് എന്നിവയിൽ നിർദ്ദേശിക്കുന്ന വിധത്തിൽ പാലിയേറ്റീവ് കെയർ പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതും പ്രവർത്തനങ്ങളിൽ നിരന്തരമായ മോണിറ്ററിംഗ് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-11 ഉപയോഗശൂന്യമായ ആയുർവേദ ഔഷധം മാറ്റി വാങ്ങുന്നതിന് നടപടി സ്വീകരിക്കണം.

മതിലകം ആയുർവേദാശുപത്രിയുടെ മെഡിസിൻ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 22.5.16 തിയതിയിൽ 890 packet(10 gm) അവിപത്തി ചൂർണ്ണം നീക്കിയിരുപ്പുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 650 packet മോശമായതിനാൽ ഔഷധിക്ക് തിരികെ നൽകിയതായും ബാക്കിയുള്ള 240 packet ഉപയോഗശൂന്യമായി സ്റ്റോക്കിലുള്ളതായും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (ഇക്കാലയളവിൽ പ്രോജക്ട് നമ്പർ s0 115/16 പ്രകാരം ഔഷധിയിൽ നിന്നും ബിൽ നമ്പർ 1372/c/15-16 dt.31.7.15 പ്രകാരം 500ഗ്രാം വീതമുള്ള 14 പായ്ക്കറ്റ് അവിപത്തി ചൂർണ്ണം ( 7കി.ഗ്രാം) ടി പ്രോജക്ടിലുൾപ്പെടുത്തി വാങ്ങിയിട്ടുണ്ട്.) ഉപയോഗശൂന്യമായ മുഴുവൻ ചൂർണ്ണവും ഔഷധിക്കു കൈമാറി പകരം പുതിയ അവിപത്തിചൂർണ്ണം ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം ഈയിനത്തിൽ ചെലവായ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കേണ്ടതും തുടർ നടപടി സ്വീകരിക്കുന്നതുമാണ്.

## 3-12 നിശ്ചിത വിസ്തീർണത്തിലധികമായി വീട് നിർമ്മിച്ചത്-തുടർ നടപടി വിവരം അറിയിക്കണം.

1. 2015-16 വർഷത്തിൽ പ്രോജക്ട് നമ്പർ s038/16 ആയി ഭവനനിർമ്മാണം (ജനറൽ വിഭാഗം സ്പിൽ ഓവർ) പൂർത്തീകരിക്കുന്നതിനായി തുക വകയിരുത്തിയിരുന്നുവെങ്കിലും സരള w/o സുകുമാരൻ, കൊച്ചിപറമ്പത്ത് , കാതിക്കോട് എന്നയാൾക്ക് ഒഴികെ മറ്റെല്ലാ ഗുണഭോക്താക്കൾക്കും ഭവനനിർമ്മാണം പൂർത്തിയാക്കിയതിന് തുക നൽകിയതായി കണ്ടു. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ടിയാരിയുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും പഞ്ചായത്തിന്റെ അസ്സെസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 88ച.മീറ്റർ വിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, കരാർ വ്യവസ്ഥകൾ എന്നിവ പ്രകാരം വീടിന്റെ വിസ്തീർണ്ണം 66 ചതുരശ്ര മീറ്ററിൽ അധികരിക്കരിക്കാൻ പാടില്ലാത്തതിനാൽ അവസാന ഗഡുവായ 20000/- രൂപ അനുവദിച്ചിട്ടില്ലെന്ന് വി.ഇ.ഒ. മതിലകം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.(ഓഡിറ്റ് എൻക്വയറി നമ്പർ.2/23.09.2016) ഇക്കാര്യത്തിൽ തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. 2014-15 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഭവനനിർമ്മാണം (ജനറൽ വിഭാഗം) ഭവനനിർമ്മാണം നാളിതുവരെ പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-13 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- ഭൗതിക നേട്ട റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

തൻവർഷത്തിൽ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി നടത്തിപ്പിനായി ജനറൽ വിഭാഗത്തിൽ 500000/-

രൂപയും, എസ്.സി വിഭാഗത്തിൽ 31250/- രൂപയും എസ്.എൽ.ബി.പി. ഡയറക്ടർ തൃശ്ശൂരിന് നൽകിയിട്ടുണ്ട്. ഇതിൽ ജനറൽ വിഭാഗത്തിൽ രണ്ടാം ഗഡുവായി ഡി.ഡി നമ്പർ 717134 തിയതി. 30.3.16 പ്രകാരം നൽകിയ 125000/- രൂപയ്ക്ക് കൈപ്പറ്റ് രസീതി ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതും പദ്ധതിയുടെ ഭൗതികനേട്ട റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

## 3-14 അംഗൻവാടി കെട്ടിടങ്ങൾക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഇല്ല-ഉടർ നടപടി സ്വീകരിക്കേണ്ടതാണ്.

ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റിയുടെ 7.4.2016 ലെ മിനിറ്റ്സിൽ പഞ്ചായത്തിലെ അംഗൻവാടികൾ ക്ഷേമ കാര്യസ്റ്റാൻഡിങ്ങ് കമ്മറ്റി സന്ദർശിച്ചതിൽ അംഗൻവാടി കെട്ടിടങ്ങൾക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഇല്ല എന്ന് വിലയിരുത്തിയിട്ടുണ്ട്. 6 അംഗൻവാടികൾ വാടകക്കാണ് പ്രവർത്തിക്കുന്നത്. ഭക്ഷണ പദാർത്ഥങ്ങൾ സൂക്ഷിക്കുവാൻ ഉള്ള സംവിധാനമില്ലായ്മ, ആവശ്യത്തിന് പാത്രങ്ങൾ ഇല്ലാത്ത അവസ്ഥ, ചുറ്റുമതിൽ, ബ്ളാക്ക് ബോർഡ്, തിളപ്പിച്ചാറിയ വെള്ളം സൂക്ഷിക്കുവാനുള്ള സംവിധാനം ഇല്ലായ്മ തുടങ്ങി അനവധി അപര്യാപ്തതകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഓഡിറ്റ് 27.06.2016 ൽ വാടകക്ക് പ്രവർത്തിക്കുന്ന അംഗൻവാടി കെട്ടിടങ്ങൾ (നമ്പർ72,146) സന്ദർശിച്ചതിൽ സൗകര്യത്തോടെയാണ് പ്രസ്തുത അംഗൻവാടികൾ പ്രവർത്തിക്കുന്നതെന്ന് കാണുകയുണ്ടായി .ഒറ്റ മുറി കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 146ാം നമ്പർ അംഗൻവാടിയിൽ കുട്ടികൾ കെട്ടിടത്തിനോട് ചേർന്ന് ഓല മേഞ്ഞ ഒരു ചെറിയ മുറിയിൽ ആണ് ഇരിക്കുന്നത്. അംഗൻവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 ഭവനനിർമ്മാണ/പുനരുദ്ധാരണ പദ്ധതികൾ (എസ്.സി) ലക്ഷ്യം നേടിയില്ല. കാര്യക്ഷമമായ മോണിറ്ററിംഗ് ഉറപ്പ് വരുത്തി സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കണം.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷത്തിൽ താഴെ കാണും പ്രകാരം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| 1 | ഭവനനിർമ്മാണം(സ്പിൽ ഓവർ)S0. 15/16 | 6,60,000 | 2,20,000 | 33% |
| 2 | ഭവന പുനരുദ്ധാരണം (സ്പിൽ ഓവർ)S0.17/16 | 4,00,000 | 1,50,000 | 37.5% |
| 3 | ഭവനനിർമ്മാണം S0.66/16 | 12,00,000 | 1,50,000 | 12.5% |
| 4 | ഭവന പുനരുദ്ധാരണം S0.74/16 | 4,50,000 | 1,95,000 | 43.3% |

ഭവനനിർമ്മാണ പദ്ധതികളിൽ 2014-15 വർഷത്തിൽ ആരംഭിച്ച സ്പിൽ ഓവർ പദ്ധതിയിൽ ഒരു ഗുണഭോക്താവിന്റെ ഭവനനിർമ്മാണം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. 2015-16 ൽ നാല് ഗുണഭോക്താക്കൾക്കായി പദ്ധതി തയ്യാറാക്കിയിരുന്നുവെങ്കിലും രണ്ട് ഗുണഭോക്താക്കൾക്ക് ആദ്യഗഡു തുക നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇതേ രീതിയിൽ ഭവനപുനരുദ്ധാരണ പദ്ധതികളും പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടില്ല. പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കി ലക്ഷ്യം നേടുന്നതിന് നടപടി സ്വീകരിക്കുകയും കാര്യക്ഷമമായ മോണിറ്ററിംഗ് ഉറപ്പുവരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-16 മഴക്കാല പൂർവ്വ ശുചീകരണം-ചെലവു രേഖകൾ ഹാജരാക്കിയില്ല.

2015-2016 വർഷത്തിൽ പഞ്ചായത്തിന്റെ 17 വാർഡുകളിൽ മഴക്കാല പൂർവ്വശുചീകരണം നടത്തുന്നതിനായി 30.11.15ന് ചെക്ക് നമ്പർ 901958 പ്രകാരം 170000/-രൂപ തനത് ഫണ്ടിൽ നിന്നും മെഡിക്കൽ ഓഫീസർക്ക് (ആരോഗ്യം) നല്കിയിട്ടുണ്ട്. ആയതിന്റെ യഥാർത്ഥ ചെലവു രേഖകൾ,വിനിയോഗ സാക്ഷ്യപത്രം, വാർഡ്തല കമ്മിറ്റി മിനിറ്റ്സ് തുടങ്ങിയ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 170000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-17 പ്രവൃത്തി നടത്തിയതിന്റെ വിവരങ്ങൾ ആസ്തിരജിസ്റ്ററിൽ ചേർത്തിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന ആസ്തി രജിസ്റ്ററിൽ വേണ്ടത്ര വിവരങ്ങൾ ചേർത്ത് കാലികമാക്കി സൂക്ഷിച്ചിട്ടില്ല .ഗ്രാമപഞ്ചായത്തിലെ 14ാം വാർഡിലുള്ള പ്രാണിയാട് തായവള്ളി ക്ഷേത്രം റോഡ് 251.400 മീറ്റർ 13/1/16ന് ടാറിങ് പൂർത്തീകരിച്ചിട്ടുള്ളതാണ്.പക്ഷെ ആസ്തി രജിസ്റ്ററിൽ ഇത് 255 മീറ്റർ കച്ച റോഡ് (പരുവപ്പെടുത്താത്ത) ആണ്. വാർഡ് 5ൽ തൃപ്പോക്കുളം അൽ നൂർ പള്ളി ലിങ്ക് റോഡ് 26/10/15ൽ ഗ്രേഡഡ് മെറ്റൽ ഉപയോഗിച്ച് നിർമിച്ചിട്ടുള്ളതാണ്. പക്ഷെ ആസ്തി രജിസ്റ്ററിൽ ഇത് 141 മീറ്ററുള്ള കച്ച റോഡ് ആണ്.

15ാം വാർഡിൽ നിർമാണം നടന്നുകൊണ്ടിരിക്കുന്ന പട്ടികജാതി കമ്മ്യൂണിറ്റി ഹാളിന്റെ വിവരങ്ങൾ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

29/5/14 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ ആസ്തിരജിസ്റ്റർ പുതുക്കേണ്ടതിനെപ്പറ്റിയും റോഡുകൾ സംബന്ധിച്ച വിവരങ്ങൾ പുതുക്കുവാൻ അസി. എൻജിനീയറെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചിരുന്നതുമാണ്. ആസ്തികൾ സംബന്ധിച്ച പദ്ധതികൾ കുറ്റമറ്റ രീതിയിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടത് ആവശ്യമാണ്. 18/7/13 ജി.ഒ (എം.എസ്)255/13/ത.സ്വ.ഭ.വ.ഉത്തരവിൽ ആസ്തിരജിസ്റ്റർ ഡിജിറ്റൽ രൂപത്തിൽ കാലികമാക്കി സൂക്ഷിക്കാൻ നിർദേശിച്ചിട്ടുള്ളതാണ്. ആസ്തിരജിസ്റ്റർ കാലികമല്ലാത്തത് സംബന്ധിച്ച് മുൻഓഡിറ്റ് റിപ്പോർട്ടുകളിലെല്ലാം പ്രത്യേകം പരാമർശിച്ചിട്ടുള്ളതുമാണ്.ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും തുടർന്നുള്ള ഓഡിറ്റുകളിൽ ഇക്കാര്യം പ്രത്യേകംനിരീക്ഷിക്കുന്നതുമാണ്.

## 3-18 പട്ടികജാതിക്കാർക്ക് കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം-അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി
പ്രൊജക്ട് നം S0166/16,
അടങ്കൽ- 1441375( വികസനഫണ്ട്-എസ്.സി.പി.)
കരാറുകാരൻ ശ്രീ.കെ.എ ഷിഹാബ് ,കാവുങ്ങൽ ഹൗസ് ,അഴീക്കോട്
കരാർ നം. 43/AE/LSGD/MKM/15-16/11/2/16
കാലാവധി – 6 മാസം

<u>അപാകതകൾ</u>

1 .കരാറുകാരൻ കരാറിൽ ഒപ്പിട്ടില്ല.കരാറുകാരന് സ്ഥലം കൈമാറിയതിന്റെ വിവരങ്ങൾ ഫയലില്ല.കരാർ നിബന്ധനയനുസരിച്ച്(ഖണ്ഡിക 6) കരാർ ചമച്ച് പത്ത് ദിവസത്തിനകം സ്ഥലം കൈമാറേണ്ടതും പത്ത് ദിവസത്തിനകം പ്രവൃത്തിതുടങ്ങേണ്ടതുമാണ്.

2. പ്രവൃത്തിവിവരപ്പട്ടിക പ്രകാരം 6 മാസമാണ് പൂർത്തീകരണ കാലാവധി.കരാർ നിബന്ധന (ഖണ്ഡിക 2) അനുസരിച്ച് വിവരപ്പട്ടിക പ്രകാരം കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.

3. 10/8/16 ന് കരാർ അവസാനിക്കേണ്ടതും തുടർന്ന് അനുബന്ധകരാർ സമർപ്പിക്കേണ്ടതുമാണ്. ആയത് ചെയ്തിട്ടില്ല.
4. അടങ്കലിൽ വൈദ്യുതീകരണത്തിനുള്ള തുക വകയിരുത്തിയിട്ടില്ല.12ാം പഞ്ചവത്സരപദ്ധതിയുടെ (GO(MS)362/13/16/11/13ലെ ഖണ്ഡിക XIV നിബന്ധനയനുസരിച്ച് കെട്ടിടനിർമ്മാണത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ എന്തെല്ലാം പ്രവൃത്തികൾ അതിലുൾപ്പെടുന്നു എന്ന് പ്രത്യേകം കാണിക്കേണ്ടതും,വൈദ്യുതീകരണം , പ്ലംബിങ് എന്നിവയ്ക്കുള്ള തുക ലംപ്സം ആയി വകയിരുത്തേണ്ടതുമാണ്. കെട്ടിടത്തിന്റെ സ്ട്രക്ചർ പണി പൂർത്തീകരിച്ചാൽ മേൽപ്പറഞ്ഞ പ്രവൃത്തികൾ നടത്തേണ്ടതുമാണ്. ഇപ്രകാരമുള്ള പ്രൊജക്ടുകൾക്കേ അംഗീകാരം നല്കുവാൻ പാടുള്ളൂ.തുക തികയാത്ത പക്ഷം ബഹുവർഷ പ്രൊജക്ടായി പദ്ധതി നടപ്പാക്കേണ്ടതുമാണ്. വൈദ്യുതീകരണപ്രവൃത്തികൾ നടത്താത്തപക്ഷം കെട്ടിടം നിഷ്ക്രിയാസ്തിയായി ത്തീരുകയേ ഉള്ളൂ.
5. കമ്മ്യൂണിറ്റി ഹാൾ കെട്ടിടത്തിന് ആർ.സി.സി. മേൽക്കൂര പണിത് തേപ്പ് ,ടൈൽ പതിക്കൽ പ്ളംബിങ് ജോലികൾ നടത്തൽ എന്നിവയാണ് ചെയ്യേണ്ട പ്രവൃത്തികൾ.27/9/16 ന് ഗ്രാമപഞ്ചായത്തിലെ ഓവർസിയർ ശ്രീ.കെ.ടി. പത്മകുമാറിന്റെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തിയപ്പോൾ ആർ.സി.സി. മേൽക്കൂര പണിതതായും സെപ്റ്റിക് ടാങ്കിലേക്കുള്ള പ്ലംബിങ് പ്രവൃത്തികൾ ചെയ്തതായും കണ്ടു. കരാറുകാരന് തുകയൊന്നും ഇതുവരെ നല്കിയിട്ടില്ല.
6. കരാറുകാരൻ കരാറിൽ ഒപ്പിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.പദ്ധതി കുറ്റമറ്റ രീതിയിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതമാക്കി പുരോഗതി വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 3-19 <u>കെട്ടിടനിർമ്മാണപദ്ധതികൾ-വൈദ്യുതീകരണം, പ്ലംബിങ് -എന്നിവയക്ക് തുക വകയിരുത്തിയിട്ടില്ല.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

12ാം പദ്ധതി മാർഗരേഖയിലെ ഖണ്ഡിക XIVലെ നിബന്ധനയനുസരിച്ച് കെട്ടിട നിർമ്മാണത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ, ആയതിന് വേണ്ടിവരുന്ന മുഴുവൻ ചെലവുകളും അടങ്കലിൽ വകയിരുത്തേണ്ടതാണ് വൈദ്യുതീകരണം, പ്ലംബിങ് എന്നിവയ്ക്കുള്ള തുക ലംപ്സം ആയി വകയിരുത്തേണ്ടതാണ്. തുക തികയാത്ത പക്ഷം ബഹുവർഷ പ്രൊജക്ടായി പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. ഇപ്രകാരം ആവിഷ്കരിക്കാത്ത പദ്ധതികൾക്ക് അംഗീകാരം നല്കുവാൻ പാടില്ലാത്തതാണ്. എന്നാൽ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയപ്പോൾ ഈ നിബന്ധന പാലിച്ചിട്ടില്ല. ഇതുമൂലം കെട്ടിടങ്ങൾ ഉപയോഗിച്ച് തുടങ്ങുവാനും കഴിഞ്ഞിട്ടില്ല.

<u>1.കുളിമുട്ടം പി.എച്ച്.സിയിൽ എച്ച്.ഐ/പബ്ലിക്ക് ഹെൽത്ത് നേഴ്സുമാർക്ക് ഓഫീസ് നിർമാണം</u>

പ്രൊജക്റ്റ് നം. - SO-103/16
അടങ്കൽ തുക -250000(സംരക്ഷണ ഗ്രാന്റ് റോഡിതരം)

ബിൽ നം. -35/19/2/16 ,249562 രൂപ.

<u>2.ഗ്രാമപഞ്ചായത്ത് ഓഫീസിൽ റെക്കോഡ് റൂം,വി.ഇ.ഒ.ഓഫീസ് റൂം നിർമാണം</u>

അടങ്കൽ തുക -1500000 രൂപ (ലോകബാങ്ക് ധനസഹായം)

ബിൽ നം. -20/21/12/15 ,1246016 രൂപ
(ഒന്നാം ഭാഗികബിൽ,അന്തിമബിൽ തയ്യാറാക്കിയിട്ടില്ല-
റെക്കോഡ് റൂമിൽ പ്ലംബിങ് ആവശ്യമില്ല.)

അടങ്കലിൽ വൈദ്യുതീകരണ, പ്ലംബിങ് പ്രവൃത്തികൾക്ക് തുക വകയിരുത്തിയിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

മേൽപ്പറഞ്ഞ പദ്ധതികളുടെ വൈദ്യുതീകരണ, പ്ലംബിങ് പ്രവൃത്തികൾ ചെയ്യുന്നതിനാവശ്യമായ പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് എത്രയും വേഗം കെട്ടിടങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

## 3-20 പ്രവൃത്തി ചെയ്യാത്ത കരാറുകാരനെതിരെ യഥാസമയം നടപടി സ്വീകരിച്ചില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ - | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്റ്റ് നം- | SOO78/15-പൂവത്തും കടവ് -കളത്തേരിക്കടവ് റോഡ് നിർമാണം |
| അടങ്കൽ തുക – | 450000 ,ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| കരാറുകാരൻ – | ശ്രീ.കെ.ആർ. പ്രഭാകരൻ,കിഴക്കേടത്ത് ഹൗസ്,പെരിഞ്ഞനം |
| കരാർ നം- | 32/AE/LSGD/MKM/14-15/28/10/14 |

ഗ്രേഡഡ് മെറ്റൽ ഉപയോഗിച്ച് 327 മീറ്റർ റോഡ് നിർമ്മിക്കാനാണ് പദ്ധതി കൊണ്ട് ഉദ്ദേശിച്ചിരുന്നത്. ആസ്തി രജിസ്റ്റർ പ്രകാരം 147 മീറ്റർ ആണ് റോഡിന്റെ നീളം. 25.09.14ൽ നടത്തിയ ടെണ്ടറിൽ 11 പേർ പങ്കെടുത്തിരുന്നു. ഏറ്റവും കുറവ് രേഖപ്പെടുത്തിയ മേൽപ്പറഞ്ഞ കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എൻജിനീയറുമായി കരാർ ചമച്ചു.ആസ്തി രജിസ്റ്റർ പ്രകാരം ഈ റോഡ് 147 മീറ്റർ മാത്രം നീളത്തിലുള്ള കച്ച റോഡ് ആണ്. സൈറ്റ് പരിശോധിച്ചപ്പോൾ റോഡിന് 156 മീററർ നീളമെന്നും ആയതിനാൽ വർക്ക് ചെയ്യാൻ സാധ്യമല്ല എന്ന് കാണിച്ച് കരാറുകാരൻ അസി. എൻജിനീയർക്ക്1/1/15ന് കത്ത് നൽകി. തെറ്റായ അളവാണ് എസ്റ്റിമേറ്റിൽ എന്നും ആയതിനാൽ കരാർ ദുർബലമെന്നും ചൂണ്ടിക്കാട്ടി ജാമ്യനിക്ഷേപവും പെർഫോമൻസ് ഗ്യാരണ്ടിയും തിരികെ നൽകണമെന്ന് കാണിച്ച് (കരാർ നിരക്ക് എസ്റ്റിമേറ്റിനേക്കാൾ 20.02% കുറവ്) കരാറുകാരൻ 9/7/15ന് WP(C)26080/15 നം.ആയി ഗ്രാമപഞ്ചായത്തിനെതിരെ ബഹു കേരള ഹൈക്കോടതിയിൽ കേസ് നൽകി. 15/4/16ന് കരാറുകാരൻ കേസ് പിൻവലിക്കുകയും ചെയ്തു. 15.6.16ലെ 6 നം.പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ കേസ് പിൻവലിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ ജാമ്യനിക്ഷേപം കരാറുകാരന് തിരികെ നൽകാനും പദ്ധതി ഉപേക്ഷിക്കാനും തീരുമാനിച്ചു. 24/6/16 ന് കരാറുകാരന് സുരക്ഷിത നിക്ഷേപം തിരികെ നൽകി .ഇതു സംബന്ധിച്ച ഓഡിറ്റ് പരാമർശം ചുവടെ കൊടുക്കുന്നു.

1.കരാറിലെ 6-ാം നമ്പർ നിബന്ധനയനുസരിച്ച് കരാറുകാരൻ 10 ദിവസത്തിനകം സ്ഥലം ഏറ്റുവാങ്ങി പത്ത് ദിവസത്തിനകം പ്രവൃത്തി ആരംഭിക്കേണ്ടതാണ്. അപ്രകാരം ചെയ്യാതെ കരാറുകാരൻ രണ്ട് മാസങ്ങൾക്ക് ശേഷമാണ് പ്രവൃത്തി ചെയ്യാൻ നിർവാഹമില്ല എന്ന് അറിയിച്ചിട്ടുള്ളത്.

2. 9-ാം നമ്പർ നിബന്ധനയനുസരിച്ച് പ്രവൃത്തി പൂർത്തീയാക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തിയാൽ മറ്റൊരു ഏജൻസിയെക്കൊണ്ട് കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി നിർവ്വഹിക്കാമായിരുന്നു.
എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

3.കേസ് പിൻവലിച്ച സാഹചര്യത്തിൽ കരാറുകാരൻ ഗ്രാമപഞ്ചായത്തിന് നഷ്ടമൊന്നും വരുത്തിയിട്ടില്ല എന്നാണ് 26/4/16ന് അസി. എൻജിനീയർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ കത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. കേസ് സംബന്ധിച്ച കരാറുകാരന് ഗ്രാമപഞ്ചായത്തിന് നഷ്ടമൊന്നും ഉണ്ടാക്കിയിട്ടില്ല. പക്ഷെ പ്രൊജക്റ്റ് നം. SOO22/17 പ്രകാരം പദ്ധതി പുനരാവിഷ്കരിച്ചതിന്റെ അടങ്കൽ പരിശോധിച്ചപ്പോൾ ഗ്രാമപഞ്ചായത്തിന് ഈ പ്രവൃത്തിയിൽ അധികച്ചെലവുണ്ടാകുമെന്ന് കണ്ടു.വിവരം ചുവടെ കൊടുക്കുന്നു.

327 മീറ്റർ റോഡ് നിർമിക്കാൻ ഉപേക്ഷിച്ച പ്രൊജക്റ്റ് പ്രകാരം ഒരു മീറ്ററിന് 1376 രൂപ ചെലവു വരുന്നതാണ്. പുതുക്കിയ പദ്ധതി പ്രകാരം 201മീറ്റർ റോഡിന് 297000/- രൂപയാണ് അടങ്കൽ മീറ്ററിന് 1477 രൂപ നിരക്കിൽ

മീറ്ററിന് അധികച്ചെലവ്. 101 രൂപയാണ് 27.9.2016ന് ഗ്രാമപഞ്ചായത്തിലെ ഓവർസീയർ ശ്രീ.പത്മകുമാറിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ റോഡിന് അടങ്കൽ പ്രകാരമുള്ള 201 മീറ്റർ നീളമുള്ളതായി കണ്ടു. ഈ പ്രവൃത്തിയിൽ 20301/- രൂപ അധികചെലവ് ഉണ്ടാകുന്നതാണ്.

കരാർ വ്യവസ്ഥക്കനുസൃതമായി തുടർനടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്

## 3-21 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം

2015-16 സാമ്പത്തിക വർഷം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഉള്ള ആകെ വരവ് 14243392/- രൂപയും ആകെ ചെലവ് 14243392/-രൂപയും ആണ്.ആകെ അംഗീകരിച്ച പദ്ധതികൾ 1109 ഉം ആകെ നടപ്പിലാക്കിയ പദ്ധതികൾ 383 ഉം ആണ്. അംഗീകരിച്ച പദ്ധതികളുടെ 50% പോലും നടപ്പിലാക്കിയിട്ടില്ല. അംഗീകരിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിന് ശ്രമിക്കേണ്ടതാണ്.ആകെ നടപ്പിലാക്കിയ 383പദ്ധതികളിൽ സ്ഥിരം ആസ്തി സൃഷ്ടിച്ചത് ഒരെണ്ണം മാത്രമേയുള്ളൂ.കൂടുതൽ സ്ഥിരം ആസ്തികൾ സൃഷ്ടിക്കുന്ന പദ്ധതികൾക്ക് ഊന്നൽ നൽകേണ്ടതാണ് .അതുപോലെ തൊഴിൽ കാർഡ് എടുത്ത കുടുംബങ്ങളുടെ എണ്ണം 3716 ഉം. തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം 680 ഉം ആണ്.തൊഴിൽ കാർഡ് എടുത്ത കുടുംബങ്ങളുടെ 1/5ഭാഗങ്ങൾക്ക് പോലും തൊഴിൽ ലഭിച്ചിട്ടില്ല. കൂടുതൽ കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.തൊഴിൽ ലഭിച്ച കുടുംബങ്ങളിൽ 100ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം 191ഉം ആണ്.കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് നടപടികൾ ആവിഷ്കരിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | പ്രൊജക്ട് നമ്പർ/പേര് | ലഭിച്ച വിഹിതം/ നൽകിയസ്ഥാപനം | ചെക്ക് നമ്പർ/ ഡിഡിനമ്പർ | ചെലവഴിച്ച വിഹിതം | ബാലൻസ് |
|---|---|---|---|---|---|
| 1. | ആശ്രയ ഭവനനിർമ്മാണം | 200000 ബ്ലോക്ക് പഞ്ചായത്ത് | 709208/ 01.01.2016 | 200000 | - |
| 2. | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 110000 ബ്ലോക്ക് പഞ്ചായത്ത് | 709993/ 16.01.2016 | 110000 | - |
| 3. | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 110000 ജില്ലാ പഞ്ചായത്ത് | 670507/ 08.03.2016 | 110000 | - |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | വാട്ടർ കണക്ഷൻ | 21201039/ 13.3.2015 | 12600 | - | 12600 |
| വാട്ടർ അതോറിറ്റി | വാട്ടർ കണക്ഷൻ<br>ഹോമിയോ ആശുപത്രി | 21401040/ 13.3.2015 | 12000 | - | 12000 |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21401042/ 13.3.2015 | 33000 | - | 33000 |

4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം /ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും /ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2013-14 | 2-1 | 3900 | ഫസൽ ,ബെസ്റ്റ് ഗ്യാസ് | 11502102973/ 1.12.15 |
| 2013-14 | 2-5 | 1050 | ഡിപ്പോ<br>മാനേജർ,മാവേലി സ്റ്റോർ | 1152103022/ 7.12.15 |
| 2013-14 | 2-1 | 500 | ,മാവേലി സ്റ്റോർ | 11502103189/ 21.12.15 |
| 2013-14 | 2-1 | 3500 | വി.എസ്.ഷാജി,വലിയ<br>പറമ്പിൽ ഫ്യൂവൽസ് | 1150210400/ 4.1.2016 |
| 2013-14 | 2-1 | 300 | രാകേഷ് ,റെയിൻബോ പെയ്ന്റ്സ് | 11502103534/ 11.1.2016 |
| 2010-11 | 2-1ബി | 750 | രാമദാസ്,ഹെഡ്മാസ്റ്റർ,എമ്മാട് സ്കൂൾ | 11502103553/ 12.1.2016 |
| പെർഫോർമൻസ്,ഓഡിറ്റ് നവംബർ2016 | 2-3 | 75 | വിജയലക്ഷ്മിബാലകൃഷ്ണൻ,മുൻപ്രസിഡന്റ് | 11502104038/ 11.2.2016 |
| പെർഫോർമൻസ്,ഓഡിറ്റ് | 2-3 | 60 | മാലതിസുബ്രമണ്യൻ ,മുൻമെമ്പർ | 11502104040/ |

| | | | | |
|---|---|---|---|---|
| നവംബർ2016 | | | | 11.2.2016 |
| പെർഫോർമൻസ്,ഓഡിറ്റ് നവംബർ2016 | 2-3 | 60 | രമണിസുരേഷ്,മുൻമെമ്പർ | 11502104041/ 11.2.2016 |
| പെർഫോർമൻസ്,ഓഡിറ്റ് നവംബർ2016 | 2-3 | 60 | എം.കെ ബാലൻ,മുൻമെമ്പർ | 11504042// 11.2.2016 |
| പെർഫോർമൻസ്,ഓഡിറ്റ് നവംബർ2016 | 2-3 | 30 | മെഡിക്കൽ ഓഫീസർ പിഎച്ച്സി കുളിമുട്ടം | 11502104043/ 11.2.16 |
| പെർഫോർമൻസ്,ഓഡിറ്റ് നവംബർ2016 | 2-3 | 22 | അഗ്രി ക്കൾച്ചർ ഓഫീസർ | 11502104044/ 11.2.16 |
| | ആകെ | 10307 | | |

4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 33603249 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 55065388.74 |
| വരവിനങ്ങളിലുള്ള നഷ്ടം | 1479 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 170000/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 479 | | വി.എം.സഹീർ,സെക്രട്ടറി |
| 2-3(2) | 1000 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-16 | 170000 | ഡോ.പി.എ.ഷാജി,മെഡിക്കൽ ഓഫീസർ,പി.എച്ച്,സി. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വി.എം.സഹീർ,<br>സെക്രട്ടറി | സെക്രട്ടറി,<br>എടവിലങ്ങ് ഗ്രാമപഞ്ചായത്ത് | വേലംപറമ്പിൽ,<br>കൊച്ചുകടവ്<br>പിഒ,എരവത്തൂർ |

4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | റിമാർക്സ് |
|---|---|---|---|
| 75-76 | എൽ.എഫ്.ടി.എസ്.2-1085/11/20.10.11/01.02.12 | | |
| 77-78 | എൽ.എഫ്.ടി.എസ്.2-1085/11/20.10.11/01.02.12 | | |
| 78-79 | എൽ.എഫ്.ടി.എസ്.2-1085/11/20.10.11/01.02.12 | | |
| 79-80 | എൽ.എഫ്.ടി.എസ്.2-1085/11/20.10.11/01.02.12 | | |
| 80-81 | എൽ.എഫ്.ടി.എസ്.2-1085/11/20.10.11/01.02.12 | | |
| 81-82 | എൽ.എഫ്.ടി.എസ്.2-1085/11/20.10.11/01.02.12 | | |
| 83-84 | എൽ.എഫ്.ടി.എസ്.2-1085/11/20.10.11/01.02.12 | | |
| 84-85 | എൽ.എഫ്.ടി.എസ്.2-1085/11/20.10.11/01.02.12 | | |
| 85-86 | എൽ.എഫ്.ടി.എസ്.2-1085/11/20.10.11/01.02.12 | | |
| 86-87,<br>87-88 | എൽ.എഫ്.ടി.എസ്.2-1085/11/20.10.11/01.02.12 | | |
| 88-89, | എൽ.എഫ്.ടി.എസ്.2-1085/11/20.10.11/01.02.12 | | |

| | | | |
|---|---|---|---|
| 89-90 | | | |
| 94-95,<br>95-96 | എൽ.എഫ്.ടി.എസ്.2-1085/11/20.10.11/01.02.12 | | |
| 96-97 | എൽ.എഫ്.ടി.12-1228/01/01.10.97. | | |
| 97-98 | എൽ.എഫ്.ടി.12-1791/00/15.5.2000 | | |
| 98-99,<br>99-2000 | എൽ.എഫ്.ടി.12-950/01/17.10.01 | | |
| 2000-2001 | എൽ.എഫ്.ടി.12-257/04/03.05.04/11.08.08 | | |
| 2001-2002 | എൽ.എഫ്.ടി.12-258/04/03.05.04/11.08.08 | | |
| 2002-2003 | എൽ.എഫ്.ടി.12-100/06/26.05.06/08.12.06 | | |
| 2003-2004 | എൽ.എഫ്.ടി.12-60/09/09.10.09/3.11.09 | | |
| 2004-2005 | എൽ.എഫ്.ടി.12-428/10/27.09.11 | | |
| 2005-2006 | എൽ.എഫ്.ടി.12-428/10/27.09.11 | | |
| 2006-2007 | എൽ.എഫ്.ടി.12-429/10/27.09.11 | | |
| 2007-2008 | എൽ.എഫ്.ടി.പി.3-2113/11/25.05.12/07.08.12 | | |
| 2008-2009 | എൽ.എഫ്.ടി.പി.3-2114/11/28.05.12/07.08.12 | | |
| 2009-2010 | എൽ.എഫ്.ടി.പി.3-28.05.12/07.08.12 | | |
| 2010-2011 | എൽ.എഫ്.ടി.പി.3-1977/12/13.02.13/09.05.13 | | |
| 2011-2012 | എൽ.എഫ്.ടി.പി.3-337/13/12.11.13 | | |
| 2012-2013 | എൽ.എഫ്.ടി.പി.3-87/2014/22.07.14/18.09.14 | | |
| 2013-2014 | കെ.എസ്.എ ടി.എസ്.ആർ.പി.3-748/15/13.10.15<br>/16.10.15 | | |
| 2014-15 | കെ.എസ്.എടി.എസ്.ആർ.പി.3-1276/16/29.7.2016 | | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സം തീർപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ.

## അനുബന്ധം1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

No. KSA-TSR(P3)1735/16

Kerala State Audit Department

District Audit Office, Thrissur

PIN- 680 020 Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated 19.10.2016

AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Mathilakam Gramapanchayat in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions

In my opinion, the Financial Statements of Mathilakam Grama Panchayat for the year 2015-16 except the observations in my Audit Report properly presents the picture of income and expenditure.

DEPUTY DIRECTOR

District Audit Office,Thrissur

കെ.എസ്.എ-ടി.എസ്.ആർ(പി3)1735/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി 10.10.2016

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ

മതിലകം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മതിലകം ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ.